## 184

*രീതി: എന്തനുള്ളം പുതുകവിയാലെ*

1 ഇന്നുമെന്നും സ്തുതിഗീതം പാടി
ഞാനെൻ യേശുവെ വാഴ്ത്തിടുമേ
തിരുനാമം സൗരഭ്യം തൂകുന്ന തൈലം
തരുമെനിക്കാനന്ദം

ആനന്ദമായ് പരമാനന്ദമായ് സ്തുതി
ഗാനങ്ങൾ പാടി പുകഴ്ത്തിടും ഞാൻ
വൻകൃപയാലെന്നെ എന്നും പുലർത്തുന്ന
നാഥനെ വാഴ്ത്തിടും ഞാൻ

2 ചിലനേരം തിരുകരത്താൽ താൻ
ബാല ശിക്ഷകൾ തന്നിടിലും
തക്കനേരം തങ്കകൈകളിലേന്തി
സാന്ത്വനപ്പെടുത്തും താൻ-

3 മരുവാസം തരുമൊരു ക്ലേശം
എത്ര കഠിനമായ് വന്നാലും
തിരുനെഞ്ചിൽ ചാരും വേളയിലെൻ മന-
ക്ലേശമകന്നിടുമെ-

4 അതിവേഗം മമ പ്രിയൻ വന്നു
വിണ്ണിൽ ചേർത്തിടും നിർണ്ണയമായ്
പിന്നെയെന്നും പിരിയാതാനന്ദത്തോടെ
മരുവും തന്നന്തികേ ഞാൻ-

**G.P.**